പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : 654 — 31-10-2011 —ൽ മറുപടിയ്ക്ക്

# സിഡ്കോയുടെ പ്രവർത്തനം

| ചോദ്യം | | മറുപടി |
| --- | --- | --- |
| ശ്രീ. ഇ.പി ജയരാജൻ<br>ശ്രീ. എം. ഹംസ<br>ശ്രീ. കെ. കെ. ജയചന്ദ്രൻ<br>ശ്രീ. എസ്. രാജേന്ദ്രൻ | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) കേരള ചെറുകിട വ്യവസായ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; | എ) | ഉണ്ട്. |
| (ബി) സിഡ്കോയുടെ പ്രവർത്തനം വ്യാപിപ്പിക്കുവാനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്.; | ബി) | സംസ്ഥാനത്തെ എല്ലാ സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിലും വിവരസാങ്കേതികവിദ്യയുടെ പ്രയോജനം ലഭ്യമാക്കുക. ഗ്രാമപ്പഞ്ചായത്ത് തലങ്ങളിലുള്ള ചെറുകിടവ്യവസായ സ്ഥാപനങ്ങളുടെ ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുക, എല്ലാ പഞ്ചായത്തുകളിലും ഭൂമി ലഭ്യമാക്കി വ്യവസായ പാർക്കുകളും/ എസ്റ്റേറ്റുകളും സ്ഥാപിക്കുക, തിരുവനന്തപുരം മേനംകുളത്ത് ടെലികോംസിറ്റിയ്ക്ക് രൂപം നല്കുക, എറണാകുളം കടവന്ത്രയിൽ വ്യാപാരസമുച്ചയം,. പാപ്പനംകോട് എസ്റ്റേറ്റിൽ ഇൻഡസ്ട്രിയൽ ഗ്യാലറി എന്നിവ പണികഴിപ്പിയ്ക്കുക തുടങ്ങിയവാണ് സിഡ്കോയുടെ പ്രവർത്തനങ്ങൾ വ്യാപിപ്പിയ്ക്കുവാനുള്ള നടപടികൾ. |
| സി) സിഡ്കോ ഏറ്റെടുത്ത നിർമ്മാണ പ്രവർത്തനങ്ങളിൽ സമയബന്ധിതമായി പൂർത്തിയാക്കിയ ഏതെങ്കിലും നിർമ്മാണം ഉണ്ടോ; | സി) | ഉണ്ട് |

| | | | |
|---|---|---|---|
| ഡി) സമയബന്ധിതമായി പ്രവർത്തനം നടത്താൻ സാധിക്കാതിരിക്കുന്ന സാഹചര്യം എന്താണ്; | ഡി) | പ്രതികൂലകാലാവസ്ഥ, പണിക്കാരുടേയും പണിയ്ക്കുള്ള സാധനസാമഗ്രികളുടേയും അപര്യാപ്തത, കോടതിവ്യവഹാരങ്ങൾ എന്നിവ പ്രവർത്തനം സമയബന്ധിതമായി പൂർത്തിയാക്കുവാൻ സാധിയ്ക്കാത്ത സാഹചര്യം ഉണ്ടാക്കുന്നുണ്ട്. |
| ഇ) നിലവിൽ എത്ര പ്രവൃത്തികൾ പൂർത്തിയാക്കുവാനായിട്ടുണ്ട്; ഇവ ഓരോന്നും എഗ്രിമെന്റ് വ്യവസ്ഥപ്രകാരം എന്ന് പൂർത്തീകരിക്കേണ്ടതായിരുന്നു എന്നറിയിക്കുമോ? | ഇ) | നിലവിൽ 12 പ്രവൃത്തികൾ പൂർത്തിയാക്കുവാനായിട്ടുണ്ട്. എഗ്രിമെന്റ് വ്യവസ്ഥപ്രകാരം പൂർത്തീകരിക്കേണ്ട പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു. |

| പ്രവൃത്തിയുടെ പേര് | എഗ്രിമെന്റ് വ്യവസ്ഥപ്രകാരം പൂർത്തീകരിയ്ക്കേണ്ട തീയ്യതി |
|---|---|
| 1. ഡിസ്ട്രിക്റ്റ് പ്ലാനിംഗ് കമ്മിറ്റി ഓഫീസ്, കാസർഗോഡ് | 05.01.2011 |
| 2. ശ്രീപാദം സ്റ്റേഡിയം | 30.06.2010 |
| 3.ഫോർമേഷൻ ഓഫ് പാർക്ക്, വെള്ളിയാംകല്ല് | 06.06.2011 |
| 4. തലശ്ശേരി ടൗൺ സ്ക്വയർ | 31.01.2011 |
| 5. കോട്ടകടവ് വികസനം | 28.02.2011 |
| 6. മണപ്പാട്ട് ചിറ | 20.04.2011 |
| 7. കടമ്പ്രയാർ പ്രോജക്ട് | 30.06.2011 |
| 8. ശബരിമല ഇടത്താവളം | 31.08.2011 |
| 9.കുമരകം സാംസ്കാരിക കേന്ദ്രം | 30.09.2011 |
| 10.അഷ്ടമുടി ലേക്ക് സർക്യൂട്ട് | 12.01.2012 |
| 11. കഠിനംകുളം പദ്ധതി | 30.09.2011 |
| 12. ടൂറിസം സുഖവാസ കേന്ദ്രം, പാറശ്ശാല | 30.08.2011 |

സെക്ഷൻ ഓഫീസർ